(ഡി) അക്രമികൾക്കെതിരായി നിയമാനുസൃതം നടപടി സ്വീകരിക്കുന്നതാണ്.

78 (1674) ഡി.വൈ.എഫ്.ഐ. പ്രവർത്തകരുടെ കാട്ടാക്കട പോലീസ് സ്റ്റേഷൻ ഉപരോധം

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 നവംബർ 28-ാം തീയതി ഡി.വൈ.എഫ്.ഐ. പ്രവർത്തകർ കാട്ടാക്കട പോലീസ് സ്റ്റേഷൻ ഉപരോധിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവർ എസ്.ഐ. ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ മർദ്ദിച്ച സംഭവം ഉണ്ടായിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് നടന്ന അക്രമസംഭവങ്ങൾ വിശദീകരിക്കുമോ;

(സി) ഈ സംഭവത്തിന്റെ പേരിൽ കേസ്സ് എടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ ആർക്കെല്ലാമെതിരെയാണ് കേസ്സെടുത്തിട്ടുള്ളത്;

(ഇ) അവരെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഇ) കാട്ടാക്കട പോലീസ് സ്റ്റേഷനിൽ ക്രൈം 77/99-ാം നമ്പർ കേസ്സിലെ പ്രതിയായ ഷിബുവിനെ 28.11.1999-ന് വൈകിട്ട് 6.30-ന് കാട്ടാക്കട എസ്.ഐ. യും പാർട്ടിയും അറസ്റ്റുചെയ്തു. ഇതിൽ പ്രതിഷേധിച്ച് ഒരു സംഘം ആളുകൾ സ്റ്റേഷൻ പരിസരത്തു തടിച്ചുകൂടി. പോലീസും നാട്ടുകാരും തമ്മിൽ സംഘർഷമുണ്ടായി. അതെ തുടർന്ന് ക്രൈം 360/99 നമ്പരായി കേസ്സ് രജിസ്റ്റർ ചെയ്ത് പോലീസ് അന്വേഷണം നടത്തിവരുന്നു. കേസ്സിൽ പ്രതികളായ 2 പേരെ പോലീസ് അറസ്റ്റു ചെയ്തു. മറ്റു 3 പേർ കോടതിയിൽ ഹാജരാകുകയും ചെയ്തു. പ്രതികളെ കോടതി റിമാന്റു ചെയ്യുകയും പിന്നീട് ജാമ്യത്തിൽ പോകുകയും ചെയ്തിട്ടുണ്ട്.

79 (1675) മഞ്ചേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്സ്

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 493/98 എന്ന കേസ്സിന് ആസ്പദമായ പരാതി നൽകിയത് ആരാണ്;

(ബി) പരാതിയിൽ പ്രതികളെ സംബന്ധിച്ച വിവരണം കൊടുത്തിട്ടുണ്ടായിരുന്നോ;

(സി) എങ്കിൽ അവരുടെ പേരിൽ നടപടികൾ സ്വീകരിക്കാത്തതെന്ത് എന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly